കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ആഗസ്റ്റ് 06

കാസർകോട് തിങ്കൾ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## വനിതാ കമ്മീഷൻ അദാലത്ത് ഇന്ന്

കേരള വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഇന്ന് (ആഗസ്റ്റ് 7) രാവിലെ 10.30 മുതൽ കാസർകോട് കളക്ടറേറ്റിൽ നടക്കും.

## 'സ്വച്ഛ് സർവേക്ഷ ഗ്രാമീൺ 2018' ജില്ലാതല ശില്പശാല നടത്തി

രാജ്യത്തെ എല്ലാ ജില്ലകളെയും ഗ്രാമ പഞ്ചായത്തുകളിലെ വിവിധ ശുചിത്വ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സ്വതന്ത്ര ഏജൻസിയിലൂടെ വിലയിരുത്തി റാങ്ക് നൽകുന്നതിന് കേന്ദ്ര ശുചിത്വ കുടിവെള്ള മന്ത്രാലയം 'സ്വച്ഛ് സർവേക്ഷ ഗ്രാമീൺ 2018' ന് തുടക്കമായി. ഇതുമായി ബന്ധപ്പെട്ട് ജില്ലാതല എകദിന ശില്പശാല ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ ഉദ്ഘാടനം ചെയ്തു. ജില്ല കളക്ടറിന്റെ ചുമതലയുള്ള എഡിഎം: എൻ. ദേവീദാസ് അധ്യക്ഷത വഹിച്ചു. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ സി. രാധാകൃഷ്ണൻ വിഷയാവതരണം നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, പി.എ.യു പ്രോജക്ട് ഡയറക്ടർ വി.കെ ദിലീപ്, ഹരിത കേരളം മിഷൻ കോ-ഓർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി. നന്ദകുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക്- ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

## ക്ഷേമനിധി വിഹിതം അടയ്ക്കണം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽവാഹന ഉടമകൾക്ക് ഡെബിറ്റ് കാർഡ്, ക്രഡിറ്റ് കാർഡ്,ഇന്റർനെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് ബോർഡിന്റെ kmtwwfb.org എന്ന വെബ്സൈറ്റിലെ ഇ-പേയ്മെന്റ് ലിങ്ക് വഴി ക്ഷേമനിധി വിഹിതം അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാണ്. ഇൻർനെറ്റ് സൗകര്യമുള്ള ആർക്കും (അക്ഷയ സെന്റർ ഉൾപ്പെടെ) ബോർഡിന്റ വെബ്സൈറ്റിലെത്തി ഈ സൗകര്യം ഉപയോഗപ്പെടുത്താം. ഈ സൗകര്യം വാഹന ഉടമകൾ പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## ശക്തമായ കാറ്റിന് സാധ്യത

കേരളത്തിന്റെയും കർണാടക, ലക്ഷദ്വീപിന്റെയും പടിഞ്ഞാറതീരപ്രദേശങ്ങളിൽ 35-45 കി.മീ വരെ(ചില അവസരങ്ങളിൽ 55 കി.മീ) വേഗതയിൽ കാറ്റടിക്കാൻ സാധ്യതയുണ്ട്. അറബിക്കടലിന്റെ മധ്യഭാഗത്തും തെക്കുപടിഞ്ഞാറൻ ഭാഗത്തും കടൽ പ്രക്ഷുബ്ധമാകുവാൻ സാധ്യതയുള്ളതിനാൽ ഈ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകരുതെന്ന് ഫിഷറീസ് കൺട്രോൾ റൂമിൽ നിന്നും അറിയിച്ചു.

(തുടരും)

# അധ്യാപക ഒഴിവ്

ഉപ്പള ഗവ.ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം സ്റ്റാറ്റിസ്റ്റിക്സ് സീനിയർ അധ്യാപക ഒഴിവിലേക്ക് സ്കൂൾ ഓഫീസിൽ ഈ മാസം ഒൻപതിന് രാവിലെ 10.30 ന് കൂടിക്കാഴ്ച നടക്കും. ഫോൺ: 94966 53498

# പിജി സീറ്റൊഴിവ്

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ കുമ്പളയിൽ പ്രവർത്തിക്കുന്ന മഞ്ചേശ്വരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ, ഒന്നാം വർഷ എം.എസ്.സി. ഇലക്ട്രോണിക്സ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരങ്ങൾക്ക് കോളേജ് ഓഫിസുമായി ബന്ധപ്പെടുക. ഫോൺ: 04998-215615, 8547005058

# ലാബ് ടെക്നീഷ്യൻ നിയമനം

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സി.എച്ച്.സി ബേഡഡുക്കയിലേക്ക് ലാബ് ടെക്നീഷ്യനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നു. താൽപ്പര്യമുളളവർ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുമായി ഈ മാസം 13ന് രാവിലെ 10ന് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: സി.എച്ച്.സി ബേഡഡുക്ക- 04994-211015, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് - 04994-260249

# ഐ.ടി.ഐ പ്രവേശനത്തിന് തീയതി നീട്ടി

ഭീമനടിയിൽ പ്രവർത്തിക്കുന്ന ബേബി ജോൺ മെമ്മോറിയൽ ഗവ.വനിതാ ഐ.ടി.ഐയിൽ ഈ മാസം ആരംഭിക്കുന്ന എസ്.സി.വി.ടി കോഴ്സുകളായ ഡെസ്ക് ടോപ്പ് പബ്ലീഷിംഗ് ഓപ്പറേറ്റർ, ഫാഷൻ ഡിസൈൻ ടെക്നോളജി-(ഒരു വർഷംവീതം) ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി യോഗ്യതയുള്ള പെൺകുട്ടികൾക്ക് ഈ മാസം 10 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ: 04672 341 666

# ഐ.ടി.ഐ പ്രവേശനം തീയതി നീട്ടി

സീതാംഗോളി ഗവ. ഐ.ടി.ഐ യിൽ ഈ വർഷത്തെ എസ്.സി.വി.ടി, വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടി. ഒരു വർഷ കോഴ്സായ വെൽഡർ ട്രേഡിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 10. അപേക്ഷാഫോറം ബാഡൂരിലുള്ള ഐ.ടി.ഐ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0499-8245099

# വനിതാ ഗൃഹനാഥരായവരുടെ മക്കൾക്ക്

# വിദ്യാഭ്യാസ ധനസഹായം

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് 2018-19 വർഷത്തിലെ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ ഒന്നു മുതൽ പ്ലസ്ടുവരേയും, ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതുമായ വിദ്യാർത്ഥികളുടെ ബി.പി.എൽ വിഭാഗത്തിലെ രക്ഷിതാക്കൾക്ക് അപേക്ഷ സമർപ്പിക്കാം. സംസ്ഥാന, കേന്ദ്രസർക്കാരിൽ നിന്നും മറ്റു സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നവർ ഈ ധനസഹായത്തിന് അർഹരല്ല. അപേക്ഷ ഫോമും വിശദവിവരങ്ങളും സാമൂഹ്യനീതി വകുപ്പിന്റെ www.swd.kerala.gov.in എന്ന വെബ്സൈറ്റിലും, അങ്കണവാടി കേന്ദ്രങ്ങളിലും ലഭിക്കും. അപേക്ഷകൾ ഈ മാസം 15നകം ബന്ധപ്പെട്ട അങ്കണവാടി കേന്ദ്രങ്ങളിൽ സമർപ്പിക്കണം. ഫോൺ: 04994 256660

(തുടരും)

# ഡി.ടി.പി.സി. ലോഗോ ക്ഷണിച്ചു

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനു വേണ്ടി അനുയോജ്യമായ ലോഗോ ക്ഷണിച്ചു. ജില്ലയുടെ ചരിത്രപരവും സാംസ്കാരികപരവുമായ പ്രത്യേകതകൾ പ്രതിഫലിക്കുന്നതാകണം ലോഗോ. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് പ്രതിഫലം നൽകും. ലോഗോ ഡിസൈൻ info@dtpckasaragod.com എന്ന വിലാസത്തിൽ ആഗസ്റ്റ് 13 ന് വൈകുന്നേരം അഞ്ചിനകം ഇമെയിൽ ചെയ്യണം. ഫോൺ: 04994-256450.

# ബീച്ച് അംബ്രല്ല സൗജന്യം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴിയോര ഭാഗ്യക്കുറി വിൽപനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല സൗജന്യമായി വിതരണം ചെയ്യും. ഈ പദ്ധതി പ്രകാരം ബീച്ച് അംബ്രല്ല ആവശ്യമുള്ളവർ പൂരിപ്പിച്ച അപേക്ഷ ആഗസ്റ്റ് 31നകം ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർക്ക് സമർപ്പിക്കണം. ഫോൺ: 04994 256404

**( അറിയിപ്പ്**

**പത്രങ്ങൾ ഇന്ന് നേരത്തെ അച്ചടിക്കേണ്ടതിനാൽ പിആർഡി റിലീസ് നേരത്തെ അയക്കുന്നു. )**